**കേരള കാർഷിക സർവ്വകലാശാല വാർത്തകൾ**

**(ജനുവരി 24 – 30, 2020)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**

**E-mail: ccmannuthy@kau.in, Phone:0487-2370773)**

**No. C3/4/2019– 5** **Dt. 23 .01. 2020**

**ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ**

നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ട് മി.ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കുശേഷമോ ആയിരിക്കണം. അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.)

വിത്തുതേങ്ങയും വിത്തടക്കയും ശേഖരിക്കാൻ പറ്റിയ സമയമാണിത്. വർഷത്തിൽ എൺപതോ അതിൽ കൂടുതലോ നാളികേരം ഉണ്ടാകുന്നതും ഏറ്റവും കുറഞ്ഞത് 12 കുലകളെങ്കിലും ഉള്ളതും രോഗമില്ലാത്തതുമായ തെങ്ങിൽ നിന്ന് വേണം വിത്തുതേങ്ങ ശേഖരിക്കാൻ. തേങ്ങയിലെ ജലാംശം നഷ്ടപ്പെടാതിരിക്കാൻ മണലിൽ സൂക്ഷിച്ചു വയ്ക്കണം.

വേനൽക്കാലത്ത് തെങ്ങിനെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് കൂമ്പടപ്പ്. മണ്ണിലെ ബോറോണിന്റെ ലഭ്യതയിലുണ്ടാകുന്ന മാറ്റങ്ങളാണ് ഇതിന്റെ പ്രധാന കാരണം. ഓലകൾ ചുരുങ്ങി ചെറുതായി വരിക, ഓലകളുടെ അഗ്രഭാഗം ചീഞ്ഞ് അഴുകുക, ഓലകൾ ശരിയായി വിരിയാതെ കൂടിപ്പിടിച്ചിരിക്കുക എന്നിവ യാണ് പ്രധാന ലക്ഷണങ്ങൾ. തെങ്ങൊന്നിന് 50ഗ്രാം ബോറാക്സ് വളം വർഷം തോറും രണ്ടു തവണ ചേർക്കുന്നത് തെങ്ങിന്റെ ശരിയായ വളർച്ച വീണ്ടെടുക്കാൻ സഹായിക്കുന്നു.

സിങ്ക് എന്ന സൂക്ഷ്മ മൂലകത്തിന്റെ കുറവുകൊണ്ട് ഓലയുടെ വലിപ്പം കുറയുക, ഓല മഞ്ഞളിക്കുക തുടങ്ങിയ ലക്ഷണങ്ങൾ കണ്ടു വരുന്നുണ്ട്. തെങ്ങൊന്നിന് 100ഗ്രാം എന്ന തോതിൽ സിങ്ക് സൾഫേറ്റ് ചേർത്തു കൊടുക്കുകയാണ് വേണ്ടത്.

ഇതിനെ തടയാൻ മണ്ഡരി ബാധയുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി സോപ്പ് മിശ്രിതം തളിക്കേണ്ടതാണ്. ചെമ്പൻ ചെല്ലിയുടെ ആക്രമണം ബാധിച്ച തെങ്ങുകളുടെ മണ്ട വൃത്തിയാക്കി ഒരു മില്ലി ഇമിഡാക്ലോപ്രിഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി കൂമ്പിൽ ഒഴിച്ച് കൊടുക്കുക.

വിത്തടക്ക ശേഖരിക്കേണ്ടത് നന്നായി പാകമായ കുലകളിൽ നിന്ന് വേണം. രണ്ടാമത്തെയും മൂന്നാമത്തെയും കുലകൾ വിത്തടക്കക്ക് നല്ലതാണ്. മേന്മയുള്ള വൃക്ഷങ്ങളിൽ നിന്നും അടക്ക എടുക്കാം. മോഹിത് നഗർ, സൗത്ത് കാനറ എന്നിവ നല്ലയിനങ്ങളാണ്. കാർഷിക സർവ്വകലാശാലയുടെ നഴ്സറികളിൽ നിന്നും നല്ല തൈകൾ വാങ്ങാവുന്നതാണ്.

വാഴക്ക് നന തുടരാം. ഉണങ്ങിയ ഇലകൾ വെട്ടിമാറ്റി തോട്ടം വൃത്തിയായി സൂക്ഷിക്കുക. പിണ്ടിപ്പുഴുവിന്റെ ആക്രമണം ഉണ്ടാകാതിരിക്കാനായി തോട്ടത്തിലെ മണ്ണ് കുഴച്ച് കുഴമ്പാക്കി വാഴയുടെ തടയിൽ പുരട്ടണം. മൂന്ന് നാല് മാസം പ്രായമായ ഏത്തവാഴക്ക് 65 ഗ്രാം യൂറിയയും 100 ഗ്രാം പൊട്ടാഷും ഒരു വാഴക്ക് എന്ന തോതിൽ നൽകണം. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ മാത്രമെ ചേർക്കാവൂ. ഒടിഞ്ഞ് തൂങ്ങിയ ഇലകൾ നീക്കം ചെയ്ത് തീയിട്ട് നശിപ്പിക്കുകയും, തോട്ടം വൃത്തിയായി സൂക്ഷിക്കുകയും വേണം.

വിഷു വിപണി കണക്കാക്കി കൃഷിയിറക്കിയ മത്തൻ, വെള്ളരി, കുമ്പളം, പാവൽ, പടവലം എന്നീ പച്ചക്കറി വിളകൾക്ക് കൂടുതൽ വിളവ് ലഭ്യമാക്കുന്നതിനുവേണ്ടി മണ്ണിര കമ്പോസ്റ്റ്, മറ്റ് ജൈവവളങ്ങൾ എന്നിവയുടെ കൂടെ സ്യൂഡോമോണാസ് ചേർത്തു കൊടുക്കാം. കൂടാതെ കായീച്ച ശല്യം ഉണ്ടാകാതിരിക്കാൻ കേടുവന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലുർ 6 എണ്ണം ഒരു ഏക്കറിന് എന്ന തോതിലും കൂടാതെ തുളസി/പഴക്കെണികൾ ഉപയോഗിക്കുന്നതും നല്ലതാണ്. എന്നിട്ടും കുറവില്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ 10 ഗ്രാം ശർക്കര ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കണം.

മീലിമൂട്ടയുടെ ശല്യം കൂടുതലാകും മുമ്പേ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിനു വേണ്ടി 5 ഗ്രാം ബാർസോപ്പ് ചെറുതായി അരിഞ്ഞ് ചെറുചൂടു വെള്ളത്തിൽ ലയിപ്പിച്ചശേഷം സാധാരണ ജലത്തിൽ നേർപ്പിച്ച് ചെടികളിൽ തളിക്കണം. ഒരു മണിക്കൂർ കഴിഞ്ഞ് *വെർട്ടിസീലിയം ലക്കാനി* എന്ന കുമിൾ പൊടിരൂപിക 10–15 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചെടികളിൽ തളിച്ച് കൊടുക്കണം. ഇത് ഒരാഴ്ച്ച ദിവസം ഇടവിട്ട് രണ്ടു പ്രാവശ്യം തളിച്ചാൽ മീലിമൂട്ട പാടെ നശിച്ചു പോകും.

വൈകി പൂക്കുന്ന കശുമാവ് തോട്ടങ്ങളിൽ തേയില കൊതുകിനെതിരെ മുൻകരുതലുകൾ എടുക്കണം. മരങ്ങളുടെ ചുവട്ടിൽ തടിതുരപ്പൻ പുഴുവിനെ ശ്രദ്ധിക്കുക. ഇലകൾ മഞ്ഞളിക്കുന്നതും കൊമ്പ് ഉണങ്ങുന്നതും തടികളിലുണ്ടാകുന്ന ദ്വാരങ്ങളിലൂടെ ചണ്ടി പുറത്തു വരുന്നതും തടിതുരപ്പന്റെ ആക്രമണ ലക്ഷണങ്ങളാണ്. സുഷിരം കാണുന്ന ഭാഗം ചെത്തിയാൽ പുഴു തുരന്നു പോയ വഴി കാണാം. ഈ വഴി പിന്തുടർന്ന് പുഴുവിനെ പുറത്തെടുത്ത് കൊല്ലുക. തോട്ടത്തിന് ചുറ്റും ഫയർ ബെൽറ്റ് ഉണ്ടാക്കേതാണ്. കളകൾ നീക്കം ചെയ്ത് തടങ്ങളിൽ പുതയിടണം.

കുരുമുളകിന്റെ വിളവെടുപ്പ് തുടരുന്നു. തിരികൾ കൂട്ടിയിട്ട് ചാക്ക് കൊണ്ട് മൂടിയിട്ടാൽ എളുപ്പം ചവിട്ടിയെടുക്കാം. ഉതിർന്ന മണികൾ 4–5 ദിവസം വെയിലത്തുണക്കി സൂക്ഷിക്കുക. ചെറുകൊടികൾക്ക് തണൽ നൽകുക. കൊടിയുടെ

ചുവട്ടിൽ പുതയിട്ട് ഉണക്കിന്റെ കാഠിന്യം കുറയ്ക്കുക. കുരുമുളകിന്റെ കൊടി ത്തലകൾ മുറിച്ചെടുത്ത് വേര് പിടിപ്പിക്കാനായി തവാരണകളിൽ പാകേണ്ട സമയമാണിത്. നല്ല വിളവ് തരുന്ന ആരോഗ്യമുള്ള തായ്‌വള്ളികളിൽ നിന്ന് കുറഞ്ഞത് മൂന്നു മുട്ടുകളെങ്കിലുമുള്ള വള്ളികൾ വേണം തൈകൾക്ക് വേണ്ടി ശേഖരിക്കാൻ. നടീൽ മിശ്രിതം തയ്യാറാക്കുമ്പോൾ സ്യൂഡോമോണാസ് ചേർക്കുന്നത് തൈകൾ പെട്ടെന്ന് വളരുന്നതിനും അവയ്ക്ക് രോഗപ്രതിരോധ ശേഷി നൽകുന്നതിനും സഹായകമാണ്

.

ജാതിത്തോട്ടങ്ങളിൽ നന ഉറപ്പു വരുത്തേണ്ടതാണ്. ഒരു ശതമാനം വീര്യ മുള്ള ബോർഡോ മിശ്രിതം തളിച്ചു കൊടുക്കുന്നത് ജാതിയുടെ പൂക്കളും, മൂപ്പെത്താത്ത കായ്കളും കൊഴിയുന്നത് നിയന്ത്രിക്കാൻ സഹായിക്കും.

മാമ്പഴപ്പുഴു നിയന്ത്രണത്തിനായി മാവിൻ ചുവട്ടിൽ വീണുകിടക്കുന്ന മാങ്ങകൾ പെറുക്കി നശിപ്പിക്കുക, ബ്യൂവേറിയ മാവിൻ ചുവട്ടിൽ വിതറി മണ്ണിളക്കി യോജിപ്പിക്കു, ഫിറമോൺ കെണി കെട്ടിത്തൂക്കുക.

<u>അറിയിപ്പ്</u>

1. കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണമായ കല്പധേനുവിന്റെ വരിക്കാരാകാൻ താല്പര്യമുളളവർ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററുമായി ബന്ധപ്പെടുക. വാർഷിക വരിസംഖ്യ – 125/രൂപ. അഞ്ചുവർഷത്തെ വരിസംഖ്യ – 500/രൂപ. ബന്ധ–പ്പെടേണ്ട ഫോൺ നമ്പർ, 0487–2370773.9447838291
2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് 2020 ജനുവരി 28ന് "കൂൺകൃഷി" എന്ന വിഷയത്തിലും, 29ന് പ്രോസസിങ്ങ് ആന്റ് വാല്യു അഡിഷൻ ഓഫ് മഷ്റും എന്ന വിഷയത്തിലും ഏകദിന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. 525/– രൂപ രജിസ്ട്രേഷൻ ഫീസോടെ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുളളവർ 0487 – 2370773, 9497412597 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

ഒപ്പ്/–
പ്രൊഫസർ & ഹെഡ്